Draft #27 of File 38100/FC C-5/2022/FCC S Approved by REGISTRAR (i/c) on 25-Oct-2026 10:44 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

നമ്പർ. 38100/FC C-5/2022/FCC S

തീയതി: 25.10.2026

പ്രിയദർശിനി ഹിൽസ്

പരിപത്രം

വിഷയം:- ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (അന്തിമം) 2026 - 2027 -വരുമാന സ്രോതസ്സിൽ നിന്നും നികുതി കിഴിവുകൾ നടത്തുന്നത് -സംബന്ധിച്ച്

സൂചന :- ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (പ്രതീക്ഷിതം)-വരുമാന സ്രോതസ്സിൽ നിന്നും നികുതി കിഴിവുകൾ നടത്തുന്നത് സംബന്ധിച്ച 18.03.2026 തീയതിയിലെ പരിപത്രം നമ്പർ 38100/FCC-5/2022/FCC S

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപക-അനധ്യാപക ജീവനക്കാരും നടപ്പു സാമ്പത്തിക വർഷത്തിലെ അവരുടെ വരുമാനത്തിന്റെയും കരമൊഴിവായ നിക്ഷേപങ്ങളുടെയും കണക്കുകൾ 2026 നവംബർ 18 ന മുൻപായി എഫ് സി സി സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഈ കണക്കുകളോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാകുന്ന .

1. 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ ശമ്പള വരുമാനം ഉൾപ്പെടെയുള്ള ആകെ തുക .
2. ആർജ്ജിതാവധി സമർപ്പണത്തിലൂടെ 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ തുക.
3. പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന അഞ്ചു ലക്ഷത്തിനു മേൽ വരുന്ന തുകയുടെ പലിശ.
4. ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ ലഭിച്ച തുക .
5. മറ്റേതെങ്കിലും ഇനത്തിൽ ശമ്പളമായോ കുടിശ്ശികയായോ ലഭിച്ച തുക.

ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട പാലിക്കേണ്ട മറ്റു നിബന്ധനകൾ.

1. എല്ലാ ജീവനക്കാർക്കും നിർബന്ധമായും PAN ഉണ്ടായിരിക്കേണ്ടതാണ്. നാളിതുവരെ PAN ന്റെ പകർപ്പ് എഫ്.സി.സി, അക്കൗണ്ട്സ് III എന്നീ സെക്ഷനുകളിൽ സമർപ്പിക്കാത്തവരിൽ നിന്നും ആദായനികുതി നിയമം 397 (2) വകുപ്പ് പ്രകാരം ശമ്പളത്തിന്റെ 20% അല്ലെങ്കിൽ ബാധകമായ നിരക്ക്,ആദായ നികുതി ഇനത്തിൽ സ്വമേധയാ കിഴിവ് വരുത്തുന്നതായിരിക്കും.
2. ആദായനികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ നിർബന്ധമായും നിയമപരമായി അംഗീകരിച്ചതും അംഗീകരിക്കാവുന്നതുമായ രേഖകളോടൊപ്പം ആയിരിക്കണം.
3. ഭവന നിർമാണ വായ്പാ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിന്റെയും, പലിശയുടെയും വേർതിരിച്ച കണക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽനിന്നും വാങ്ങി നികുതി കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്. നികുതിദായകന് ഗൃഹത്തിന്റെ മേലുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകളും (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയ കെട്ടിട നികുതിയുടെ രശീതി പകർപ്പ്/പൂർത്തീകരണ സാക്ഷ്യ

പത്രം)ഇതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ PAN സഹിതം കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്.

4. ജീവനക്കാർ സർവ്വകലാശാലയിൽ സമർപ്പിക്കുന്ന അന്തിമ ആദായ നികുതി വിവരങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഫോം 16 (TDS സർട്ടിഫിക്കറ്റ്) തയ്യാറാക്കി നൽകുന്നത്. മറ്റു സ്രോതസ്സുകളിൽ നിന്നും വരുമാനം (ബാങ്ക് / ട്രഷറി / KSFE പലിശ ,മറ്റു സ്ഥാപനങ്ങളിൽ നിന്നും ശമ്പളം, ഓണറേറിയം) ലഭിച്ചിട്ടുണ്ടെകിൽ പ്രസ്തുത തുക കൂടി ചേർത്തുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള നികുതിയായിരിക്കും ആദായ നികുതി റിട്ടേൺ ഫയലിംഗ് പോർട്ടലിൽ കാണപ്പെടുന്നത്. ഇതിൽ നിന്നും കിഴിവ് ചെയ്ത നികുതി ഒഴിച്ച് പോർട്ടലിൽ കണക്കാക്കിയിട്ടുള്ളത് പ്രകാരമുള്ള ബാക്കി നികുതി തുക റിട്ടേൺ ഫയലിംഗ് നടത്തുന്ന അവസരത്തിൽ 'Balance Amount' ആയി അടക്കേണ്ടതാണ് .
5. നികുതിദായകർ, അവരവരുടെ നികുതി സമർപ്പണത്തിന്റെ കണക്കുകൾ ആവശ്യമുള്ള പക്ഷം ആദായ നികുതി വകുപ്പിന്റെ വെബ് സൈറ്റിൽ (www.incometax.gov.in) ഒത്തു നോക്കേണ്ടതും Form26 AS-ൽ സംശയങ്ങൾ ഉള്ളപക്ഷം അക്കൗണ്ട്സ് III സെക്ഷനുമായി ബന്ധപ്പെട്ടു സംശയനിവൃത്തി വരുത്താവുന്നതാണ് . ഓരോ നികുതി ദായകന്റെയും നികുതി കിഴിവിന്റെ വിവരങ്ങൾ എല്ലാ 3 മാസത്തിലും ആദായ നികുതി വകുപ്പിനെ അറിയിക്കുന്നതിനാൽ ആയതു ഒത്തു നോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.
6. ആദായ നികുതി വകുപ്പ് രണ്ടു രീതിയിൽ കണക്കുകൾ സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

- പുതിയ നികുതി ഘടന (**DEFAULT SCHEME**) (2025 ഫിനാൻസ് ആക്ട് റൂൾ 202) പ്രകാരം 01/04/2026 മുതൽ)

- പഴയ നികുതി ഘടന (2025 ഫിനാൻസ് ആക്ട് പ്രകാരം)

എല്ലാ സ്ഥിര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും ഇതിൽ ഏതെങ്കിലും ഒന്ന് മാത്രം തിരഞ്ഞെടുക്കേണ്ടതും അതിനായുള്ള പ്രത്യേക സാക്ഷ്യപത്രത്തിൽ മാത്രം കണക്കുകൾ ഹാർഡ് കോപ്പി ആയി നൽകേണ്ടതുമാണ്. സാക്ഷ്യപത്രത്തിന്റെ പകർപ്പ് സർവ്വകലാശാല വെബ് സൈറ്റിലെ Circulars എന്ന ലിങ്കിൽ ലഭ്യമാണ് (https://www.mgu.ac.in/orders-notifications-category/circulars/).

പുതിയ നികുതി ഘടനയിൽ സെക്ഷൻ 156 പ്രകാരം മാർജിനൽ റിലീഫ് അവകാശപ്പെടുന്ന ജീവനക്കാർ നൽകുന്ന കണക്കുകൾ ആധികാരികതയുള്ളതും സമ്പൂർണ്ണവും കൃത്യവുമായിരിക്കണം. അല്ലാത്തപക്ഷം നികുതി സമർപ്പണ വേളയിൽ ഉയർന്ന തോതിലുള്ള നികുതി ഒടുക്കേണ്ടിവരും.

നിർദ്ദിഷ്ട തീയതിക്ക് മുമ്പായി അന്തിമ ആദായ നികുതി കണക്കുകളുടെ സമർപ്പണം നടത്താത്തവരുടെയും അനുബന്ധ രേഖകൾ സമർപ്പിക്കാത്തവരുടെയും ശമ്പളം, 2026 ഡിസംബർ മാസം മുതൽ ടി കണക്കുകൾ / രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രം തയ്യാർ ചെയ്തു നൽകുന്നതായിരിക്കും .

ഡോ. ബിനു ജോർജ് വർഗ്ഗീസ്
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

ഫിനാൻസ് ഓഫീസർ /സെക്ഷനുകൾ / സ്കൂളുകൾ / ഡിപ്പാർട്മെന്റുകൾ / എല്ലാ ജീവനക്കാരും

Draft #27 of File 38100/FC C-5/2022/FCC S Approved by REGISTRAR (i/c) on 25-Oct-2026 10:44 PM - Page 2

The document is digitally approved. Hence signature is not needed.